**അനുബന്ധം 1**

ചോദ്യം നമ്പർ *61 -ന്റെ (എ) പിരിവിനുള്ള അനുബന്ധം

- നവകേരള നിർമ്മിതിയിൽ പട്ടികജാതി-പട്ടികവർഗ പിന്നാക്ക വിഭാഗങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞ 10 വാർഷിക ബജറ്റുകളിലായി പട്ടികജാതി വികസനത്തിന് 22,284.34 കോടി രൂപയും പട്ടികവർഗ വികസനത്തിന് 8187.40 കോടി രൂപയും പ്രത്യേക ഉപപദ്ധതികളിലായി വകയിരുത്തി വിവിധ ക്ഷേമ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു. സംസ്ഥാനത്തെ പട്ടിക വിഭാഗ ജനസംഖ്യ അനുപാതത്തേക്കാൾ ഉയർന്ന അനുപാതത്തിൽ ബജറ്റ് വിഹിതം പട്ടികജാതി പട്ടികവർഗ ഉപപദ്ധതികൾക്കായി വകയിരുത്തുന്ന ഏക സംസ്ഥാനമാണ് കേരളം.

- ഭവന നിർമ്മാണ മേഖലയിൽ ഭവനരഹിത പട്ടികവർഗക്കാരുടെ ഭവന നിർമ്മാണം (ലൈഫ് മിഷൻ) പദ്ധതി, ഭവന നിർമ്മാണം-അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം പദ്ധതി (SAFE),

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി തുടങ്ങിയവ നടപ്പാക്കുന്നു.

- ലൈഫ് മിഷൻ പദ്ധതിയിൽ 1.48 ലക്ഷം പട്ടികജാതി ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചു. ഇതിൽ 1,10,930 വീടുകൾ പൂർത്തിയാക്കി. ഇതിനുപുറമെ 1,92,439 വീടുകളുടെ നിർമ്മാണം നടന്നുവരുന്നു. പട്ടികവർഗ വിഭാഗത്തിൽ 53,438 വീടുകൾ അനുവദിച്ചതിൽ 46,314 വീടുകൾ പൂർത്തിയായി.

- അപൂർണ്ണ ഭവനങ്ങളുടെ പൂർത്തീകരണത്തിനും നവീകരണത്തിനുമായി ആരംഭിച്ച സേഫ് പദ്ധതിയിൽ 52,104 പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്കും 11,860 പട്ടികവർഗ കുടുംബങ്ങൾക്കും ധനസഹായം അനുവദിച്ചു.

- അംബേദ്കർ ഗ്രാമ വികസന പദ്ധതി വഴി 25-ൽ അധികം കുടുംബങ്ങൾ താമസിക്കുന്ന നഗറുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഓരോ നഗറിനും 1 കോടി രൂപ

വീതം 1248 നഗറുകളിൽ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കി.

- 2024-25 മുതൽ 5 മുതൽ 14 വരെയുള്ള പട്ടികവിഭാഗ കുടുംബങ്ങൾക്കായി ഐശ്വര്യ ഗ്രാമം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നു. വകുപ്പിന്റെ വിഹിതത്തിനൊപ്പം തദ്ദേശസ്ഥാപനങ്ങൾക്കും ഈ വികസന പദ്ധതിയിൽ ഒപ്പം ചേരാനാകും.

- ഭൂരഹിത പുനരധിവാസ പദ്ധതി: പട്ടികവിഭാഗക്കാർക്ക് വീട് നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കുന്ന ഈ പദ്ധതി പ്രകാരം 2021 മുതൽ ഇതേവരെ 13,928 പേർക്ക് 66.03 ഏക്കർ ഭൂമി വിതരണം ചെയ്തു. കൂടാതെ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് വീടിനുള്ള ഭൂമി വാങ്ങുന്നതിനും പ്രത്യേക പദ്ധതി നടപ്പാക്കിവരുന്നു.

- 'അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി' പ്രകാരം സംസ്ഥാനത്ത് കണ്ടെത്തിയ 11,095 പട്ടികജാതി കുടുംബങ്ങളെ അതിദാരിദ്ര്യ മുക്തമാക്കുകയും, അതിദാരിദ്ര്യ മുക്തമായ കുടുംബങ്ങൾ വീണ്ടും ആ

അവസ്ഥയിലേക്ക് വഴുതി വീഴാതിരിക്കാനും അവർക്ക് സുസ്ഥിരമായ ജീവിതസാഹചര്യം ഉറപ്പാക്കാനും ലക്ഷ്യമിട്ട് അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി 2.0 ( EPEP 2.0) ആരംഭിച്ചു.

- വിദ്യാഭ്യാസ മേഖലയിൽ പ്രി-മെട്രിക്, പോസ്റ്റ്-മെട്രിക്, വിദേശ പഠനം, അയ്യൻകാളി ടാലന്റ് സെർച്ച് തുടങ്ങി വിവിധ സ്കോളർഷിപ്പുകൾ, പഠനമുറികൾ, ലാപ്ടോപ് വാങ്ങുന്നതിന് ധനസഹായം എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു.

- പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകൾ മുഖേന പ്രതിവർഷം 6 ലക്ഷത്തിൽപരം വിദ്യാർഥികൾക്ക് വരുമാനപരിധിയില്ലാതെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക്, ഇ-ഗ്രാന്റ്സ് ധനസഹായം നൽകിവരുന്നു. പ്രീ-പ്രൈമറി മുതൽ ഗവേഷണ പഠനത്തിനും പൈലറ്റ് പരിശീലനമടക്കമുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾക്കും സ്കോളർഷിപ്പ് നൽകുന്നു. കഴിഞ്ഞ 10 വർഷം കൊണ്ട് 47,09,507 പട്ടികജാതി വിദ്യാർഥികളുടെ പഠനത്തിനായി 2147.7

കോടി രൂപയും പട്ടികവർഗക്കാരായ 2,58,742 വിദ്യാർഥികൾക്ക് 332.71 കോടി രൂപയുടെ സ്കോളർഷിപ്പുകളും നൽകി. സ്കോളർഷിപ്പിനായി മാത്രം ചെലവഴിച്ചത് 3080.42 കോടി രൂപയാണ്.

- പഠനമുറി പദ്ധതി പ്രകാരം ഇതേവരെ 47,024 കുടുംബങ്ങൾക്ക് പഠനമുറികൾ അനുവദിച്ചു. പട്ടികവർഗ ഉന്നതികളോടുചേർന്നുള്ള 364 സാമൂഹ്യ പഠനമുറികൾക്ക് പുറമേ, ഈ വർഷം മുതൽ വ്യക്തിഗത ആനുകൂല്യമായി ഡിജിറ്റൽ കണക്റ്റിവിറ്റി ഉറപ്പാക്കുന്ന സ്മാർട്ട് പഠനമുറിക്ക് 2.5 ലക്ഷം രൂപ വീതം നൽകും. ആദ്യഘട്ടത്തിൽ 1000 സ്മാർട്ട് പഠന മുറികൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

- ലോകത്തെ മികച്ച വിദേശ സർവകലാശാലകളിലെ പഠനത്തിന് 25 ലക്ഷം രൂപവരെ ധനസഹായം നൽകുന്ന ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് മുഖേന ഇതുവരെ 1104 വിദ്യാർഥികൾക്ക് വിദേശ പഠന സൗകര്യം ലഭ്യമാക്കി.

- വിങ്ങ്സ് പദ്ധതി വഴി തിരുവനന്തപുരം രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് 25 ലക്ഷം രൂപയും ആദ്യഘട്ട പരിശീലനം പൂർത്തിയാക്കിയവർക്ക് അധിക പരിശിലനത്തിനും സ്കോളർഷിപ് നൽകിവരുന്നു. ഓരോ വർഷവും 3 പട്ടികജാതി, 2 പട്ടികവർഗം 1 ഒ.ഇ.സി. എന്നിങ്ങനെ 6 വിദ്യാർഥികൾക്ക് സ്കോളർഷിപ് നൽകിവരുന്നു.

- സിവിൽ സർവീസ് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന ലക്ഷ്യ പദ്ധതി മികച്ച സ്വകാര്യ സ്ഥാപനങ്ങളേയും സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയെയും ഉൾപ്പെടുത്തി പരിഷ്കരിച്ചു. പ്രതിവർഷം 180 പേർക്ക് പ്രവേശനം നൽകുന്നു. പഠന, താമസ, പുസ്തക ചെലവുകൾ എന്നിവയ്ക്കുപുറമെ പരീക്ഷകൾക്കാവശ്യമായ പൂർണ്ണ സാമ്പത്തിക സഹായവും ഉറപ്പാക്കുന്നു.

- പാലക്കാട് മെഡിക്കൽ കോളേജിനായി ഈ കാലയളവിൽ

ചെലവഴിച്ചത് 750 കോടി രൂപയാണ്. 500 വിദ്യാർഥികൾ ഇവിടെ നിന്നും പഠനം പൂർത്തിയാക്കി. 500 വിദ്യാർഥികൾ പഠനം നടത്തിവരുന്നു.

- പിന്നാക്ക വിഭാഗ വികസന വകുപ്പ് OEC, OBC, KPCR എന്നീ വിദ്യാഭ്യാസ സ്കോളർഷിപ്പുകളിലൂടെ പ്രതിവർഷം 7 ലക്ഷം വിദ്യാർഥികൾക്ക് ധനസഹായം നൽകുന്നു. കഴിഞ്ഞ 5 വർഷം 2693.49 കോടി രൂപ ഈ ഇനത്തിൽ നൽകി. ഈ വർഷം 250 കോടി രൂപ അധിക ധനസഹായം ലഭ്യമാക്കി.

- കേന്ദ്ര സർക്കാർ നിർത്തലാക്കിയ സ്കോളർഷിപ് സംസ്ഥാന സർക്കാർ ഏറ്റെടുത്തു. കെടാവിളക്ക് സ്കോളർഷിപ് പദ്ധതി വഴി സംസ്ഥാനത്തെ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ OBC കുട്ടികൾക്കായി 2023 മുതൽ നാളിതുവരെ 39.36 കോടി രൂപ ചെലവഴിച്ചു. 215045 വിദ്യാർഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

- ലോകത്തെ മികച്ച വിദേശ സർവകലാശാലകളിലെ

പഠനത്തിനായി ഓവർസീസ് സ്കോളർഷിപ്പ് പഠനത്തിന് പ്രതിവർഷം 100 പിന്നാക്ക വിഭാഗ വിദ്യാർഥികൾക്ക് 10 ലക്ഷം രൂപവരെ ധനസഹായം നൽകുന്ന രീതിയിൽ മാർഗരേഖ പരിഷ്കരിച്ച് പദ്ധതി നടപ്പാക്കുന്നു.

- പ്രൊഫഷണൽ/ബിരുദ യോഗ്യത നേടിയ പട്ടിക വിഭാഗക്കാരായ യുവതീ-യുവാക്കൾക്ക് പ്രവൃത്തിപരിചയം നേടുന്നതിനും മികച്ച ജോലികൾ ഉറപ്പാക്കുന്നതിനുമുള്ള ട്രേസ് പദ്ധതി വഴി വിവിധ മേഖലകളിലായി 5000 പേർ പരിശീലനം പൂർത്തിയാക്കി. 5000 പേർ നിലവിൽ പരിശീലനം നേടിവരുന്നു.

- സംസ്ഥാനത്തെ ഐ.ടി.ഐ., പോളിടെക്നിക് പഠനം പൂർത്തിയായ തൊഴിലന്വേഷകർക്ക് വിവിധ ട്രേഡുകളിൽ നൈപുണ്യപരിശീലനവും വ്യക്തി വികസന, ഭാഷാ പരിശീലനവും ഉറപ്പാക്കി തൊഴിലിലേക്ക് എത്തിക്കുന്നതിന് ലക്ഷ്യമിടുന്ന വിജ്ഞാന കേരളം പദ്ധതിയുടെ ലക്ഷ്യം പട്ടികജാതി, പട്ടികവർഗ വകുപ്പുകളും കെ-

ഡിസ്കും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'ഉന്നതി-വിജ്ഞാന കേരളം' വഴി ഇന്റേൺഷിപ്പുകൾ, തൊഴിൽ, അപ്രന്റിസ് ഷിപ്പുകൾ വഴി 2026 മാർച്ച് 31-നകം 10,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

- വകുപ്പിന്റെ കീഴിൽ 44 ഐ.ടി.ഐ.-കളിൽ ഡിജിറ്റൽ സർവകലാശാലയുമായി സഹകരിച്ചും KIIFB മുഖേന ലാംഗ്വേജ് ലാബുകൾ സ്ഥാപിച്ചും ബ്രിഡ്ജ് കോഴ്സുകൾ ആരംഭിച്ചും വിദ്യാർഥികൾക്ക് പരിശീലനവും തൊഴിലും ഉറപ്പാക്കുന്നു.

- ആരോഗ്യമേഖലയിൽ സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി, സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം പദ്ധതി, പട്ടികജാതി പട്ടികവർഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു.

- പട്ടികവർഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 2016 മുതൽ 2025 വരെ 1,40,451 ഗുണഭോക്താക്കൾക്കായി 286.30

ചികിത്സാധനസഹായം അനുവദിച്ചു. പട്ടികവർഗ്ഗക്കാരുടെ ചികിത്സ ധനസഹായ പദ്ധതിയും ഓൺലൈൻ മുഖേനയാക്കി.

- ഏക വരുമാനദായകന്റെ അഭാവത്താൽ പ്രതിസന്ധിയിലാകുന്ന കുടുംബങ്ങൾക്ക് വകുപ്പുമുഖേന രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. ഇതേവരെ 7224 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചു.
- സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം- പട്ടികവർഗക്കാർക്കിടയിൽ കണ്ടുവരുന്ന ഒരു പാരമ്പര്യ രോഗത്തിന്, സാന്ത്വനമെന്ന നിലയിൽ പ്രതിമാസം 2500/- രൂപ ധനസഹായം അനുവദിച്ചുനൽകുന്നു. കൂടാതെ സിക്കിൾസെൽ അനീമിയ രോഗികൾക്ക് അവരുടെ ജീവിതവരുമാനം വർധിപ്പിക്കുന്നതിനായി പരമാവധി 2,00,000/- രൂപവരെ ഒറ്റത്തവണ ധനസഹായവും അനുവദിക്കുന്നു.
- സംസ്ഥാനത്തെ പട്ടികവർഗക്കാർക്ക് ചികിത്സയും

ആരോഗ്യസംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയിൽ എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗക്കാർക്കും 10,000/- രൂപവരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജ്, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ, തിരുവനന്തപുരത്തെ ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, റീജിയണൽ കാൻസർ സെന്റർ, ശ്രീ അവിട്ടംതിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സ നൽകിവരുന്നു. ചികിത്സാ ചെലവ് 50,000/- രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാ ചെലവ് അനുവദിക്കുന്നു. ആശുപത്രിയിൽ സൗജന്യമായി ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രിയോട്

അനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽനിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രി വികസന സമിതിയുടെ അധീനതയിലുള്ള മെഡിക്കൽ സ്റ്റോറുകളിൽനിന്നും ലഭ്യമല്ലാത്ത മരുന്നുകൾ പുറത്ത് മെഡിക്കൽ സ്റ്റോറുകളിൽനിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രികളിൽനിന്നുള്ള ലാബ് ടെസ്റ്റിന്റെ ചെലവുകൾ, സർക്കാർ ആശുപത്രികൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്തുനിന്നുള്ള സ്ഥാപനങ്ങളിൽനിന്നും ചെയ്യുന്നതിനുള്ള ചെലവ്, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടിവരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പുറത്തുനിന്നും ലഭ്യമാക്കുന്നതിനുള്ള ചെലവ്, രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനും അവശരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീടുകളിൽ എത്തിക്കുന്നതിനും, മരണമടഞ്ഞവരുടെ മൃതദേഹം വീടുകളിൽ എത്തിക്കുന്നതിനും വേണ്ടിവരുന്ന യഥാർഥ ആംബുലൻസ് / വാഹന വാടക, ആശുപത്രികളിൽ രോഗികളായവർക്ക്

സൗജന്യഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150/- രൂപ വരെയുള്ള ചെലവ്, ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200/- രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ചുനൽകുന്നു.

- പട്ടികവിഭാഗ നാനോ/മൈക്രോ സംരംഭങ്ങളുടെ വികസനവും സാമ്പത്തിക സ്ഥിരതയും ലക്ഷ്യമിട്ട് 'സമൃദ്ധി കേരളം' പദ്ധതിയിലൂടെ നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് പട്ടികജാതി പട്ടികവർഗവികസന കോർപ്പറേഷൻ മുഖേന 10 ലക്ഷം രൂപ വരെ ടോപ്-അപ് ലോൺ നൽകുന്ന പുതിയ 'സമൃദ്ധി കേരളം' പദ്ധതി ആരംഭിച്ചു. വായ്പയിൽ പലിശ ഇളവും സബ്സിഡിയും ലഭിക്കുന്ന പദ്ധതിക്ക് വനിതാ സംരംഭകർക്കും ദുർബലവിഭാഗക്കാർക്കും പദ്ധതിയിൽ മുൻഗണന ലഭിക്കും. നിലവിൽ പ്രവർത്തിക്കുന്ന
- കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന വിവിധ ആവശ്യങ്ങൾക്കായി 50,000 മുതൽ 50 ലക്ഷം രൂപ

വരെ കോർപ്പറേഷൻ വായ്പ നൽകുന്നു. കോർപ്പറേഷൻ മുഖേന ഈ കാലയളവിൽ 5,48,639 ഗുണഭോക്താക്കൾക്ക് 5912.67 കോടി രൂപ വായ്പ നൽകി. ഇതിനായി ഈ വർഷം 400 കോടി രൂപ സർക്കാർ അധിക ഗ്യാരന്റി അനുവദിച്ചു.

**അനുബന്ധം 2**

<u>ചോദ്യം നമ്പർ *61-ന്റെ (സി) പിരിവിനുള്ള അനുബന്ധം</u>

- പട്ടികജാതി വിഭാഗങ്ങളിലെ അതിദാരിദ്ര്യമുക്ത ജനവിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി അതിദാരിദ്ര നിർമ്മാർജന പദ്ധതി 2.0 (EPEP 2.0) എന്ന പേരിൽ അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ പ്രാരംഭ ചർച്ചകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമുഖേന തുടക്കം കുറിച്ചിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഭക്ഷണം ആരോഗ്യം, വരുമാനം, സുരക്ഷിതമായ വാസസ്ഥലം എന്നീ 4 ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് അതിദരിദ്ര കുടുംബങ്ങളെ

കണ്ടെത്തിയതും അവരെ അതിദാരിദ്ര മുക്തമാക്കിയതും. എന്നാൽ ഈ പദ്ധതി വഴി അതിദാരിദ്ര്യ മുക്തമായ കുടുംബങ്ങൾ വീണ്ടും അവസ്ഥയിലേക്ക് വഴുതിവീഴാതിരിക്കാനും അവർക്ക് സുസ്ഥിരമായ ജീവിതസാഹചര്യം ഉറപ്പാക്കാനും ലക്ഷ്യമിട്ട് അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി 2.0 (EPEP 2.0) ആരംഭിച്ചു.

- പട്ടികജാതി വികസന വകുപ്പിന് ഈ പ്രക്രിയയിൽ വകുപ്പുമുഖേന നിലവിൽ നടപ്പിലാക്കുന്ന SAFE, ചികിത്സാ ധനസഹായം, വരുമാന വീട്, സമൃദ്ധി കേരളം, സ്വയംതൊഴിൽ പദ്ധതി, വിദേശതൊഴിൽ പദ്ധതി എന്നിവ വഴി പങ്കുചേരാനാകും.

- പട്ടികവർഗ വിഭാഗത്തിലെ അതിദാരിദ്ര്യമുക്ത ജനവിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള എല്ലാ പദ്ധതികളും സംസ്ഥാനതലത്തിൽ വകുപ്പുമന്ത്രി, സെക്രട്ടറി, ഡയറക്ടർ തലങ്ങളിൽ വിലയിരുത്തി വേണ്ട നിർദേശങ്ങൾ യഥാസമയം നൽകുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടർ പ്രോജക്ട് ഓഫീസർ/ട്രൈബൽ

ഡെവലപ്മെന്റ് ഓഫീസർമാരുടെ സാന്നിധ്യത്തിൽ വിലയിരുത്തുന്നുണ്ട്. ഇതുകൂടാതെ ഓരോ ജില്ലയുടെയും പുരോഗതി ഡയറക്ടറേറ്റിലെ നിയന്ത്രണ ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിൽ വിലയിരുത്തി വരുന്നുണ്ട്.

- കൂടാതെ നിലവിലുള്ള പദ്ധതികളുടെ പോരായ്മകൾ പരിഹരിക്കുന്നതിനായി പട്ടികവർഗ ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, എല്ലാവരും ഉൾക്കൊള്ളുന്ന വികസനം ഉറപ്പാക്കി പട്ടികവർഗക്കാരുടെ മൊത്തത്തിലുള്ള ക്ഷേമം വർധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി പട്ടികവർഗ ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങളിലെ നിർണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഐ.ടി.ഐ. യോഗ്യതയുള്ള പട്ടികവർഗക്കാരായ യുവതീ-യുവാക്കൾക്ക് തൊഴിൽ നേടുന്നതിനുവേണ്ടി K-DISC മുഖാന്തരം അഡീഷണൽ നൈപുണ്യപരിശീലനം നൽകിക്കൊണ്ട് തൊഴിൽ ലഭ്യമാക്കുന്ന

പദ്ധതിയാണ് ഉന്നതി വിജ്ഞാന കേരള പദ്ധതി. പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയ്ക്ക് 80 ഓളം പട്ടികവർഗ യുവതീ-യുവാക്കൾക്ക് കേരളത്തിൽ ഉടനീളം നടന്ന പത്ത് ദിന ബ്രിഡ്ജിംഗ് കോഴ്സിൽ പരിശീലനം നൽകുകയും അവരെ ജോബ് ഫെയറിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**അനുബന്ധം 3**

ചോദ്യം നമ്പർ *61 -ന്റെ (ഡി) പിരിവിനുള്ള അനുബന്ധം

- ക്ലറിക്കൽ അസിസ്റ്റന്റ്: അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതീ-യുവാക്കൾക്ക് ഓഫീസ് ജോലികളിൽ പരിശീലനം നൽകുന്ന പദ്ധതി.
- അക്രെഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർ: സിവിൽ എഞ്ചിനീയറിങ്ങിൽ B.Tech/Diploma/ITI പൂർത്തിയാക്കിയ 300 യുവതീ- യുവാക്കൾക്ക് പരിശീലനം നൽകുന്ന പദ്ധതി.
- ലീഗൽ അസിസ്റ്റന്റ്സ്: നിയമബിരുദധാരികളായി എൻറോൾ ചെയ്ത

69 യുവതീ-യുവാക്കൾക്ക് അഡ്വക്കേറ്റ് ജനറൽ ഓഫീസിലും ജില്ലാ കോടതികളിലും സ്പെഷ്യൽ കോടതികളിലും ഗവൺമെന്റ് പ്ലീഡർമാരുടെ കീഴിൽ ലീഗൽ അസിസ്റ്റന്റുമാരായി പരിശീലനം നൽകുന്ന പദ്ധതി.

- കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ (CSW): സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദമുള്ള 60 യുവതീ-യുവാക്കളെ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ (CSW)മാരായി തിരഞ്ഞെടുക്കുന്ന പരിശീലന പദ്ധതി.
- ജേർണലിസം ട്രെയിനി: പദ്ധതി പ്രകാരം ജേർണലിസം ബിരുദധാരികൾക്ക് വിവിധ പത്രം, മീഡിയ സ്ഥാപനങ്ങൾ മുഖേന ജേർണലിസം മേഖലയിൽ 2 വർഷത്തെ പരിശീലനം.

അഭ്യസ്തവിദ്യരായ പട്ടികവർഗ യുവാക്കൾക്ക് അവരവരുടെ താല്പര്യമനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ അംഗീകൃതപരിശീലന സ്ഥാപനങ്ങൾവഴി നൽകുകയും പരിശീലനം

വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയോ ചെയ്യുന്നതിന് ചുവടെ പരാമർശിക്കുംപ്രകാരം ആധുനിക തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ വകുപ്പുമുഖേന നടത്തിവരുന്നുണ്ട്.

- ഏവിയേഷൻ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ഡിജിറ്റൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- നിർമ്മാണ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- അഭിഭാഷക ധനസഹായ പദ്ധതി
- പൈലറ്റ് പരിശീലന ധനസഹായ പദ്ധതി

- സിവിൽ സർവീസ് പരിശീലന ധനസഹായ പദ്ധതി
- ട്രൈബൽ പാരാമെഡിക് ട്രെയിനി പദ്ധതി
- ഉന്നതി - വിദേശ പഠന സഹായ പദ്ധതി
- UPSC, SSC, KPSC തുടങ്ങിയ മത്സര പരീക്ഷകളിലും പരിശീലന പദ്ധതി നടപ്പാക്കിവരുന്നു.

**അനുബന്ധം 4**

<u>ചോദ്യം നമ്പർ *62-ന്റെ (ബി) പിരിവിനുള്ള അനുബന്ധം</u>

എസ്.എസ്.എൽ.സി. വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് അധ്യായന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾ, പ്രീ-മെട്രിക് സ്കോളർഷിപ് എന്നിവ അനുവദിച്ചുവരുന്നു.

ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾ, സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/ യു.ജി.സി. അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെയോ

കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദേശമുള്ള ഫീ-ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ, കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ, NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, കേന്ദ്ര/ സംസ്ഥാനസർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ, അഫിലിയേറ്റ് അംഗീകരിച്ച കോഴ്സ്/സ്ഥാപനങ്ങൾ, NCVT-യുടെ അംഗീകൃത വൊക്കേഷണൽ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നടത്തപ്പെടുന്ന എല്ലാ കോഴ്സുകൾക്കും പോസ്റ്റ്മെട്രിക് പദ്ധതി പ്രകാരം വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുനൽകുന്നു. കൂടാതെ സർക്കാർ/ സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യതലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ അന്യസംസ്ഥാനത്ത് പ്രവേശനം നേടുന്നവർക്കും കേരളത്തിൽ നിലവിൽ ഇല്ലാത്ത പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ വിദേശത്ത് പഠിക്കുന്നതിനും ഉന്നതി

സ്കോളർഷിപ് അനുവദിച്ചുവരുന്നു.

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗക്കാരായ വിദ്യാർഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനായി വിദേശ പഠന സഹായ പദ്ധതി നടപ്പിലാക്കിവരുന്നു.നിലവിൽ ഒരു വിദ്യാർഥിക്ക് പരമാവധി 25 ലക്ഷം രൂപ വരെ സ്കോളർഷിപ് ലഭിക്കും. നിലവിൽ ടി പദ്ധതി ODEPC മുഖേന നടപ്പിലാക്കിവരുന്നു.

**അനുബന്ധം 5**

ചോദ്യം നമ്പർ (*64)-ന്റെ 'എ' പിരിവിലെ അനുബന്ധം

ഓരോ മിഷനിലൂടെയും കൈവരിച്ച നേട്ടങ്ങൾ

**1. മിഷൻ ഫുഡ്, ഫോഡർ & വാട്ടർ (Mission FFW/Mission Food, Fodder & Water)**

വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ-ജലലഭ്യത വനത്തിനുള്ളിൽത്തന്നെ ഉറപ്പുവരുത്തുന്നതിനാണ് ഈ മിഷൻ ലക്ഷ്യമിടുന്നത്. ടി മിഷന്റെ ഭാഗമായി 2025 ഫെബ്രുവരി മുതൽ

നാളിതു(25-01-2026)വരെ 506487 സീഡ് ബാൾ (വിത്തുണ്ട) വ്യാപനവും 620.722 ഹെക്ടർ വിസ്തൃ ക്ലിയറൻസും 263.15 ഹെക്ടർ തുറസ്സായ പ്രദേശങ്ങളുടെ പുനഃസ്ഥാപനവും 572.72 ഹെക്ടർ വയലുകളുടെയും 1704.85 ഹെക്ടർ പുൽമേടുകളുടെയും പരിചരണവും നടത്തിയിട്ടുള്ളതാണ്. കൂടാതെ 223 കുളങ്ങൾ വൃത്തിയാക്കിയിട്ടുള്ളതും 55 കൃത്രിമ കുളങ്ങൾ നിർമ്മിച്ചിട്ടുള്ളതുമാണ്. ജലലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി മേൽ വിവരിച്ചത് കൂടാതെ പുതിയതായി രണ്ട് കോൺക്രീറ്റ് ചെക്ക് ഡാമുകളും 21 കൽത്തടയണകളും 15 മൺതടയണകളും നിർമ്മിക്കുകയും 113 കോൺക്രീറ്റ് ചെക്ക് ഡാമുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതുമാണ്. വനം വകുപ്പ് ജീവനക്കാർ തദ്ദേശവാസികളുടെയും സന്നദ്ധപ്രവർത്തകരുടെയും സഹകരണത്തോടെ 646 ബ്രഷ്‌വുഡ് ചെക്ക് ഡാമുകളും 226 നീരുറവകളും നിർമ്മിച്ച്/പരിപാലിച്ചിട്ടുള്ളതുമാകുന്നു.

## 2. Mission Solar Fencing

വനം വകുപ്പ് ഇതുവരെ സ്ഥാപിച്ചിട്ടുള്ള സൗരോർജ വേലികൾ പൊതുജന പങ്കാളിത്തത്തോടെ അറ്റകുറ്റപ്പണികൾ

നടത്തുന്നതിലേക്കാവശ്യമായ പ്രായോഗിക പരിശീലനങ്ങൾ നൽകി അവ പ്രവർത്തനക്ഷമമാക്കുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം. വനം വകുപ്പിന്റെ വിവിധ മേഖലകളിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമായിരുന്ന 1955 കിലോമീറ്റർ സൗരോർജ വേലികൾ മിഷൻ ഫെൻസിങ് 2024-ലൂടെ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടുണ്ട്. മേൽ വിവരിച്ചത് കൂടാതെ 794 കി.മീ. പുതുതായി സോളാർ ഫെൻസിങിന്റെ നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നു.

മിഷൻ സോളാർ ഫെൻസിങിന്റെ ഭാഗമായി ഫോറസ്റ്റ് സ്റ്റേഷനുകളിലും/സെക്ഷൻ ഓഫീസുകളിലും സോളാർ വേലികളുടെ അറ്റകുറ്റപ്പണികൾക്കായുള്ള ഉപകരണങ്ങളും സാമഗ്രികളും സൂക്ഷിക്കുന്നതിനായി ടൂൾ റൂമുകൾ തയ്യാറാക്കിയിട്ടുള്ളതും ബാറ്ററി, എനർജൈസർ തുടങ്ങിയവ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുവാൻ മാനന്തവാടി കേന്ദ്രീകരിച്ച് സോളാർ ഫെൻസിങ് സർവീസ് സെന്റർ ആരംഭിച്ചിട്ടുള്ളതുമാണ്.

## 3. Mission Wild Pig

ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. ആയതിലൂടെ 15-12-2025 വരെ വിവിധയിടങ്ങളിലായി ആകെ 5351 കാട്ടുപന്നികളെ ഇല്ലായ്മ ചെയ്തിട്ടുള്ളതാണ്. കൂടാതെ അംഗീകൃത ഷൂട്ടർമാരുടെ ലിസ്റ്റ് പരിഷ്കരിച്ച് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഷൂട്ടർമാർക്കുള്ള ഓണറേറിയം 1,500/- രൂപയായും ജഡം മറവുചെയ്യുന്നതിനുള്ള ചെലവിനം 2,000/- രൂപയായും വർധിപ്പിച്ചിട്ടുള്ളതാണ്.

## 4. Mission SARPA

മനുഷ്യ-വന്യജീവി സംഘർഷങ്ങൾമൂലമുള്ള മരണങ്ങളിൽ ഭൂരിപക്ഷവും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റുണ്ടായ മരണങ്ങളാണ്. മിഷൻ സർപ്പ പദ്ധതിയിലൂടെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (SDMA), തദ്ദേശസ്വയംഭരണം, ആരോഗ്യം, റവന്യൂ, വിദ്യാഭ്യാസം എന്നിങ്ങനെ വിവിധ വകുപ്പുകളുടെ ഏകോപനത്തിന്റെയും സഹകരണത്തിന്റെയും സർപ്പ

വോളന്റിയർമാരുടെ പരിശ്രമങ്ങളുടെയും ഫലമായി 2018-2019-ൽ കേരളത്തിൽ പാമ്പുകടിയേറ്റ് 123 ജീവൻ പൊലിഞ്ഞ അവസ്ഥയിൽനിന്നും 2024-2025-ൽ 34 മരണം എന്ന നിരക്കിലേക്ക് കുറയ്ക്കാൻ (72% കുറവ്) ഈ മിഷനിലൂടെ കഴിഞ്ഞിട്ടുണ്ട്. 2025-26-ൽ നാളിതുവരെ (29-01-2026) 17 മരണങ്ങൾ മാത്രമാണ് പാമ്പുകടിമൂലം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2025 വർഷത്തിൽ 23779 പാമ്പുകളെ സർപ്പ വോളന്റിയർമാർ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു. സർപ്പ മിഷനിലൂടെ ആന്റിവെനം നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങളും സ്കൂൾ/കോളേജ്, കുടുംബശ്രീ, തൊഴിലുറപ്പ് അംഗങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങൾക്കായി "സർപ്പ പാഠം" പദ്ധതിയിലൂടെയും ബോധവൽക്കരണ ക്ലാസ്സുകളും നടന്നുവരുന്നു.

## 5. Mission Primary Response Team

മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നയിടങ്ങളിൽ RRT സംഘം എത്തിച്ചേരുന്നതിന് മുമ്പുതന്നെ ചിട്ടയായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ അടിയന്തരമായി തുടക്കം കുറിക്കുവാൻ തദ്ദേശവാസികളിൽനിന്നും സന്നദ്ധരായവരെ ഉൾപ്പെടുത്തി Primary

Response Team (PRT)-കൾ രൂപീകരിക്കുകയെന്നതാണ് പദ്ധതി ലക്ഷ്യം. പരിശീലനം ലഭിച്ചിട്ടുള്ള SARPA വോളന്റിയർമാർ, പഞ്ചായത്ത്തല BMC അംഗങ്ങൾ, സിവിൽ ഡിഫൻസ് അംഗങ്ങൾ, സന്നദ്ധപ്രവർത്തകർ, വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങൾ, ജൈവവൈവിധ്യപരിപാലന സമിതി അംഗങ്ങൾ തുടങ്ങിയവരാണ് PRT-യിലെ അംഗങ്ങൾ. ഘട്ടംഘട്ടമായി മനുഷ്യ-വന്യജീവി സംഘർഷം നിലവിലുള്ള എല്ലാ മേഖലകളിലും PRT-കൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന്റെ ഭാഗമായി വിവിധ പഞ്ചായത്തുകളിലായി നാളിതുവരെ (29-01-2026) 327 PRT-കൾ രൂപീകരിച്ചിട്ടുണ്ട്.

**6. Mission Real Time Monitoring**

മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വ്യാപകമായ പ്രദേശങ്ങളിൽ നൂതന സാങ്കേതികവിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പിലാക്കാനാണ് Mission Real Time Monitoring ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ

തുടർച്ചയായി നിരീക്ഷിക്കുകയും വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടിയറിഞ്ഞ് മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുകയെന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം. ടി പദ്ധതി പ്രകാരം ചാലക്കുടി ഡിവിഷനിലെ പീലാർമുഴി, നല്ലഭൂമി, വെട്ടിക്കുഴി ഭാഗങ്ങളിലും പെരിയാർ ടൈഗർ റിസർവിലെ ഈസ്റ്റ് ഡിവിഷനിലെ പൂവരശിലും വെസ്റ്റ് ഡിവിഷനിലെ ഉപ്പുപാറയിലും ആദ്യഘട്ടത്തിൽ നിരീക്ഷണ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് M/s ടാറ്റാ കൺസൾട്ടൻസി സർവJസ്, M/s ടാറ്റാ മോട്ടേഴ്സ് എന്നവരുമായി 20-01-2026-ന് ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്. കൂടാതെ സ്വയം സന്നദ്ധ പുനരധിവാസത്തിനും AI സാങ്കേതിക വിദ്യയും ഡ്രോണുകൾ, സ്മാർട്ട് കേജുകൾ, നൈറ്റ് വിഷൻ ക്യാമറകൾ, ബൈനോക്കുലറുകൾ, റേഡിയോ കോളറുകൾ, ട്രാൻക്വിലൈസറുകൾ എന്നിവ വാങ്ങുന്നതിനുമായി കിഫ്ബി പദ്ധതിയിൽ അനുവദിച്ച 110 കോടി രൂപ വിനിയോഗിച്ച് പ്രവൃത്തികൾ പുരോഗതിയിലാണ്.

## 7. Mission Tribal Knowledge (ഗോത്രഭേരി)

മനുഷ്യ-വന്യജീവി സഹവർത്തിത്വത്തിനും സംഘർഷ

ലഘൂകരണത്തിനും കേരളത്തിലെ ഗോത്രവിഭാഗങ്ങൾ സ്വീകരിച്ചുവരുന്ന അലിഖിതവും പുറംലോകത്തിന് അപരിചിതവുമായ പരമ്പരാഗത അറിവുകളുടെ ശേഖരണത്തിനും അവയുടെ ഫലപ്രാപ്തി സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾക്കും പ്രായോഗികമായവയുടെ ഉപയുക്തതയ്ക്കും പ്രചരണത്തിനുമായി കേരള വന ഗവേഷണ കേന്ദ്രവുമായി ചേർന്ന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളമൊട്ടാകെ 18 വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. ആയതിൽ വിവിധ ഗോത്രവിഭാഗങ്ങളെ പ്രതിനിധീകരിച്ച് 360 ഉന്നതികളിൽ നിന്നായി 1016 പേർ പങ്കെടുത്തു. ഈ അറിവുകൾ സംഘർഷ ലഘൂകരണ ശ്രമങ്ങളിൽ ഉൾപ്പെടുത്തിവരുന്നു.

## 8. Mission Sensitisation to Public

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംബന്ധിച്ച് പ്രാദേശിക സംഘർഷ സാഹചര്യങ്ങൾക്ക് അനുസൃതമായ വിജ്ഞാന അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും പൊതുജനങ്ങളെ വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചും അവബോധരാക്കുക എന്നതും ഈ പദ്ധതി

ലക്ഷ്യമിടുന്നു. വാർത്തകളും വിശേഷങ്ങളും വിജ്ഞാനപ്രദമായ അറിവുകളും നവമാധ്യമങ്ങളിലൂടെ പങ്കുവച്ചും പരമ്പരാഗത മാധ്യമങ്ങളുടെ വിവിധ പരിപാടികളിൽ സജീവമായി പങ്കെടുത്തും വനം-വന്യജീവി സംരക്ഷണത്തെക്കുറിച്ചും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി അവലംബിക്കാവുന്ന മാതൃകാ പ്രവർത്തനങ്ങളെക്കുറിച്ചും വ്യാപകമായ ഇൻഫോടൈൻമെന്റ് പരിപാടികൾ വനം വകുപ്പ് ഉദ്യോഗസ്ഥരും ജീവനക്കാരും സജീവമായി നടത്തിവരുന്നു.

## 9. Mission Science on Human Wildlife Conflict

മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിന്റെ ഭാഗമായി 'Mission Science on Human Wildlife Conflict' എന്ന പദ്ധതിക്ക് വനം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർവകലാശാലകളുമായും സഹകരിച്ച് ഗവേഷണം, പഠനം എന്നിവ നടത്തുകയും കാലവസ്ഥാവ്യതിയാനംമൂലം വന്യമൃഗങ്ങളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങൾ, സംഘർഷത്തിനിടയാക്കുന്ന വിവിധ കാരണങ്ങൾ, ഫലപ്രദമായ പരിഹാരമാർഗങ്ങൾ, സംഘർഷ ലഘൂകരണ

പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന പരമ്പരാഗത അറിവുകൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് മുൻകൈ എടുക്കുകയും പഠന ഗവേഷണ പരിപാടികളുടെ കണ്ടെത്തലുകൾ ഉദ്യോഗസ്ഥരിലേക്കും പൊതുജനങ്ങളിലേക്കും കൃത്യമായി എത്തിക്കുന്നതിനുമുള്ള നടപടികളും വനപരിപാലനത്തിന് പഠന ഫലങ്ങളുടെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ ഉണ്ടാക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വിദേശ രാജ്യങ്ങളിൽ ഉൾപ്പെടെ പരീക്ഷിച്ച് വിജയിച്ച രീതികൾ ആഴത്തിൽ പഠിച്ച് പരിസ്ഥിതിക്കും ജനജീവിതത്തിനും ദോഷം വരാത്ത രീതിയിൽ അവലംബിക്കുന്നതിനുള്ള ശ്രമങ്ങളും ഈ മിഷനിലൂടെ നടത്തുന്നതാണ്. ഇതിനുവേണ്ടി അന്താരാഷ്ട്ര വിദഗ്ധർ ഉൾപ്പെടെയുള്ളവരുമായി നിരന്തരം ചർച്ചകൾ സംഘടിപ്പിച്ചുവരുന്നു.

## 10. Mission Bonnet Macaque

നാടൻ കുരങ്ങുകൾമൂലമുണ്ടാകുന്ന സംഘർഷങ്ങളുടെ കാരണങ്ങളും പൊതുവായും പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് പ്രത്യേകമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികളും ഉൾക്കൊള്ളിച്ച് വിശദമായ

പഠന റിപ്പോർട്ട് തയാറാക്കി അതനുസരിച്ച് നാടൻ കുരങ്ങുകൾമൂലമുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പ്രായോഗികമായി ഇല്ലാതാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി വിഷയത്തിലെ വിദഗ്ധരെ ഉൾപ്പെടുത്തി 28-05-2025-ന് തിരുവനന്തപുരത്തുവച്ച് ഒരു ശില്പശാല നടത്തിയിട്ടുണ്ട്. ശില്പശാലയെ തുടർന്ന് ശില്പശാലയിൽ ഉരുത്തിരിഞ്ഞ പൊതുനിർദേശങ്ങളും വിദഗ്ധരുടെ പ്രത്യേക ശിപാർശകളും ഉൾപ്പെടുത്തി ഭേദഗതി വരുത്തിയ പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ആവശ്യമാണ്.

**11. മിഷൻ മഞ്ഞക്കൊന്ന**

സംസ്ഥാനത്തെ വനമേഖലകളിൽ പടർന്നുപിടിച്ചിട്ടുള്ള അധിനിവേശ അധിനിവേശ കളസസ്യങ്ങളെ, പ്രത്യേകിച്ച് മഞ്ഞക്കൊന്ന (സെന്ന സ്പെക്ടാബിലിസ്) എന്ന കളസസ്യത്തെ ഉന്മൂലനം ചെയ്യുന്ന പ്രക്രിയ പൊതുജന പങ്കാളിത്തത്തോടെ ഊർജിതപ്പെടുത്തുന്നതിനായുള്ള തീവ്രയജ്ഞ മിഷനാണിത്. പൊതുജന പങ്കാളിത്തം, ശാസ്ത്രീയ പഠനം, വൈദേശിക സസ്യങ്ങളും ജീവജാലങ്ങളും നമ്മുടെ തനത് ആവാസ വ്യവസ്ഥയെയും

വന്യജീവി സമ്പത്തിനെയും എങ്ങനെ ദോഷകരമായി ബാധിക്കുന്നു എന്നതിനെക്കുറിച്ചുള്ള ശാസ്ത്രീയവും വ്യാപകവുമായ ബോധവൽക്കരണം എന്നിവ ഈ തീവ്രയജ്ഞ മിഷൻ ലക്ഷ്യം വയ്ക്കും. ടി മിഷന്റെ ഭാഗമായി വിവിധ സർക്കിളുകളിൽ 5635 ഹെക്ടർ സ്ഥലത്ത് മഞ്ഞക്കൊന്ന നീക്കം ചെയ്തിട്ടുള്ളതാകുന്നു.

**12. മിഷൻ കൃഷി പുനരുജ്ജീവനവും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണവും**

വനാതിർത്തികളിലും വനത്തിനോട് ചേർന്ന പ്രദേശങ്ങളിലും മനുഷ്യ-വന്യജീവി സംഘർഷത്തിന് കാരണമാകാത്ത തരത്തിലും കർഷകർക്ക് മികച്ച വിളവും വരുമാനവും ഉറപ്പുവരുത്തുന്നതുമായ കാർഷികവിളകൾ കണ്ടെത്തി പ്രചരിപ്പിക്കുക, ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതവും വനം-പരിസ്ഥിതി സൗഹൃദവുമായ നൂതന കൃഷിരീതികൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകുക, കാർഷിക വിളകൾക്ക് മൂല്യവർധിത വിപണിയൊരുക്കുക, തനത് വിളകളുടെയും കാർഷിക ഉല്പന്നങ്ങളുടെയും ബ്രാൻഡിങും മാർക്കറ്റിങും കൃഷിക്കും

വളർത്തുമൃഗങ്ങൾക്കുമുള്ള ഇൻഷ്വറൻസ്, മൂല്യാധിഷ്ഠിത നഷ്ടപരിഹാരം, സിൽവികൾച്ചർ, കാർഷികോല്പന്നങ്ങളുടെ ചോദനാധിഷ്ഠിത ഉല്പാദനവും പ്രദാനവും തുടങ്ങിയവ ഈ മിഷൻ ലക്ഷ്യം വയ്ക്കുന്നു. കൃഷി, മൃഗ സംരക്ഷണം, ക്ഷീരവികസനം, പോൾട്രി വികസനം തുടങ്ങിയ വകുപ്പുകളുടെകൂടെ സഹകരണത്തോടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ഈ മിഷൻ ലക്ഷ്യം വയ്ക്കുന്നു. ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**അനുബന്ധം 6**

**<u>ചോദ്യം നമ്പർ (*64)-ന്റെ 'ബി' പിരിവിലെ അനുബന്ധം</u>**

| സർക്കിൾ | ഹെക്ടർ |
|---|---|
| സതേൺ സർക്കിൾ | 793.40 |
| ഹൈറേഞ്ച് സർക്കിൾ | 244.30 |
| സെൻട്രൽ സർക്കിൾ | 687.80 |
| ഈസ്റ്റേൺ സർക്കിൾ | 427.27 |
| നോർത്തേൺ സർക്കിൾ | 274.511 |
| കോട്ടയം വൈൽഡ് ലൈഫ് സർക്കിൾ | 476.50 |
| **ആകെ** | **2903.781** |

## അനുബന്ധം 7

## ചോദ്യം നമ്പർ (*64)-ന്റെ 'സി' പിരിവിലെ അനുബന്ധം

| വർഷം | ധനസഹായമായി നൽകിയ തുക (രൂപ) |
|---|---|
| 2016 | 24,24,440 |
| 2017 | 13,24,850 |
| 2018 | 12,13,800 |
| 2019 | 19,23,860 |
| 2020 | 13,32,900 |
| 2021 | 15,62,786 |
| 2022 | 13,33,363 |
| 2023 | 9,19,868 |
| 2024 | 8,39,850 |
| 2025 | 97,100 |
| **ആകെ** | **1,29,72,817** |

## അനുബന്ധം 8

### ചോദ്യം നമ്പർ (*65)-ന്റെ അനുബന്ധം

2021-22 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ നിന്നും ഫണ്ടിങ് സാങ്ഷൻ ലഭ്യമായ മത്സ്യ മാർക്കറ്റുകളുടെ വിവരം

Annexure to Qn. No. 61, 62, 64 & 65

Uncorrected/Not for publication
02-02-2026


| ക്രമ നമ്പർ | മത്സ്യ മാർക്കറ്റ് | അടങ്കൽ തുക (ലക്ഷം) |
|---|---|---|
| 1 | അടൂർ | 200.53 |
| 2 | പൂത്തൂർ | 284.26 |
| 3 | പുത്തൻചന്ത | 214.58 |
| 4 | നടുക്കാട് | 251.18 |
| 5 | പൂന്തുറ | 237.92 |
| 6 | പനച്ചമൂട് | 535.77 |
| 7 | നിലക്കാമൂട് | 166.76 |
| 8 | കടപ്പാക്കട | 210.639 |
| 9 | പള്ളിമുക്ക് | 320.527 |
| 10 | മൂന്നാംകുറ്റി | 202.054 |
| 11 | സൗത്ത് പരവൂർ | 235.182 |
| 12 | കൊട്ടിയം | 226.22 |
| 13 | ചാത്തന്നൂർ | 528.06 |
| 14 | കടയ്ക്കൽ | 374.43 |
| 15 | കിഴക്കേകല്ലട | 214.42 |
| 16 | പുനലൂർ | 642.75 |
| 17 | തങ്കശ്ശേരി | 320.729 |
| 18 | കൂടൽ | 178.29 |
| 19 | മാങ്കാംകുഴി | 176.13 |
| 20 | ചാലക്കുടി | 350.02 |

| | | |
|---|---|---|
| 21 | വക്കം | 195.786 |
| 22 | വാമനപുരം | 439.32 |
| 23 | പഴയകുന്നുമ്മേൽ | 358.10 |
| 24 | കടക്കാവൂർ | 265.83 |
| 25 | നെയ്യാറ്റിൻകര | 478.4 |
| 26 | അഞ്ചൽ | 472.314 |
| 27 | കാവനാട് | 245.08 |
| 28 | പത്തനാപുരം | 181.814 |
| 29 | കുലശേഖരപുരം | 340.83 |
| 30 | പാരിപ്പള്ളി | 302.63 |
| 31 | കൊട്ടാരക്കര | 506.67 |
| 32 | കുമ്പഴ | 227.31 |
| 33 | മണ്ണഞ്ചേരി | 175.05 |
| 34 | ചേർത്തല | 307.6 |
| 35 | താമരക്കുളം | 227.52 |
| 36 | ചെത്തി | 170.35 |
| 37 | ഇടക്കൊച്ചി | 143.26 |
| 38 | നായരമ്പലം | 276.49 |
| 39 | കുന്നംകുളം | 466.40 |
| 40 | കാഞ്ഞിരംകുളം | 246.95 |
| 41 | ആല്യംമൂട് | 175.25 |
| 42 | വെള്ളയിൽ | 373.22 |

| | | |
|---|---|---|
| 43 | വിളവൂർക്കൽ | 107.50 |
| 44 | പുന്നമൂട് | 452.4 |
| 45 | ശാസ്താംകോട്ട | 215.85 |
| 46 | കരിപ്പുഴ | 173.28 |
| 47 | കണ്ണപുരം | 116.91 |
| 48 | പഴയങ്ങാടി | 142.22 |
| 49 | ന്യൂമാഹി | 129.20 |
| 50 | പൊന്നാനി | 170.07 |
| 51 | കാഞ്ഞങ്ങാട് | 301.48 |
| | **സംസ്ഥാന പദ്ധതി** | |
| 1 | നൂറനാട് | 150.00 |
| 2 | കലയപുരം | 150.00 |
| 3 | എഴുകോൺ | 300.00 |
| | **കേന്ദ്ര പദ്ധതി** | |
| 1 | ആലുവ | 4823.99 |
| 2 | കോഴിക്കോട് | 5517.00 |
| | **IMCFV പദ്ധതി** | |
| 1 | തലായി മത്സ്യമാർക്കറ്റ് | 281.00 |
| | **CRCFV പദ്ധതി** | |
| 1 | ഞാറക്കൽ മത്സ്യ മാർക്കറ്റ് | 118.00 |
| 2 | ഇടവനക്കാട് മത്സ്യ മാർക്കറ്റ് | 135.00 |
| | **നബാർഡ് പദ്ധതി** | |

| | | |
|---|---|---|
| 1 | നെടുമൺകാവ് | 502.00 |